(സി) റിവ്യൂ നടത്താറുണ്ട്. വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.

(ഡി) റവന്യൂ വില്പന നികുതി ഉദ്യോഗസ്ഥന്മാരെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് റിക്കൺസിലിയേഷൻ ഫലപ്രദമായി നടത്തി വരുന്നുണ്ട്.

(ഇ) റവന്യൂ സംബന്ധമായ കാര്യങ്ങൾ റവന്യൂ മന്ത്രി ജില്ലാ തലത്തിൽ അവലോകനം ചെയ്യാറുണ്ട്. കൂടാതെ വില്പന നികുതി ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രിയും പിരിവു സംബന്ധമായ പുരോഗതി അവലോകനം ചെയ്യാറുണ്ട്.

പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് നടപടി

51 (3137)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും നിയമതടസ്സമോ, ഭരണഘടനാ തടസ്സമോ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കുമോ;

(സി) തടസ്സമുണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ അത്യാവശ്യം വേണ്ടി വരുന്ന താലൂക്കുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ഇ) ഇതിന് അനുകൂല തീരുമാനം എടുക്കാൻ തയാറാകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സെൻസസ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നതിനാൽ 2001 മാർച്ച് വരെ അതിർത്തി വ്യതിയാനങ്ങൾ പാടില്ലെന്ന് സെൻസസ് ഡയറക്ടർ ജനറൽ നിർദ്ദേശിച്ചിരിക്കുന്നതുകൊണ്ട് ഇക്കാര്യത്തിൽ ഉടനെ തീരുമാനമെടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(സി) ഉണ്ട്.

(ഡി)&(ഇ) സെൻസസ് പ്രവർത്തനം തീരുന്ന 2001 മാർച്ചിനുശേഷം റവന്യൂ പുനഃസംഘടന നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

മൊകായി കോളനി നിവാസികൾക്ക് പട്ടയം നൽകണമെന്ന ആവശ്യം

52 (3138)ശ്രീ. സി. മോയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ 'മൊകായി' കോളനി നിവാസികൾക്ക് പട്ടയം നൽകണമെന്ന ആവശ്യത്തിനുമേൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭാഗം കമ്മിഷണറുടെ ചാർജ്ജിലും പല വിഭാഗമായി തിരിച്ച് ബന്ധപ്പെട്ട ചാർജ്ജ് ഓഫീസർമാർ നികുതിപിരിവിൽ കൈവരിച്ച പുരോഗതി വാരാന്ത്യത്തിലും മാസംതോറും അവലോകനം നടത്തുകയും ഓരോ കുടിശ്ശിക കേസിലും സ്വീകരിച്ച നടപടി വിലയിരുത്തുകയും നടപടി അപര്യാപ്തമായ കേസിൽ കർശനമായ നിർദ്ദേശങ്ങൾ ചാർജ്ജ് ഓഫീസർമാർ ബന്ധപ്പെട്ടവർക്കു നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാന തലത്തിൽ ഉള്ള അവലോകനം ലാന്റ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിലും നടത്തിവരുന്നു.

അനുബന്ധം VI

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 53 (3139) കാണുക)

1.	കാസർഗോഡ് ജില്ല		
	1. കാസർഗോഡ് താലൂക്ക്	–	15 ഏക്കർ
	2. ഹോസ്ദുർഗ്ഗ്	–	23 ഏക്കർ
2.	കണ്ണൂർ ജില്ല		
	1. തളിപ്പറമ്പ്	–	5 ഏക്കർ
3.	വയനാട് ജില്ല		
	1. സുൽത്താൻ ബത്തേരി	–	2 ഏക്കർ
4.	കോഴിക്കോട് ജില്ല		
	1. കൊയിലാണ്ടി	–	67 ഏക്കർ
5.	മലപ്പുറം ജില്ല		
	1. ഏറനാട്	–	259 ഏക്കർ
	2. തിരൂർ	–	2 ,,
	3. പൊന്നാനി	–	11 ,,
	4. പെരിന്തൽമണ്ണ	–	36 ,,
	5. നിലമ്പൂർ	–	38 ,,
	6. തിരൂരങ്ങാടി	–	1 ,,
6.	പാലക്കാട് ജില്ല		
	1. പാലക്കാട്	–	17 ഏക്കർ
	2. ചിറ്റൂർ	–	70 ,,
	3. ഒറ്റപ്പാലം	–	15 ,,
	4. മണ്ണാർക്കാട്	–	72 ,,
7.	തൃശൂർ ജില്ല		
	1. മുകുന്ദപുരം	–	6 ഏക്കർ
8.	എറണാകുളം ജില്ല		
	1. കോതമംഗലം	–	20 ഏക്കർ
	2. മൂവാറ്റുപുഴ	–	20 ,,
	3. കണയന്നൂർ	–	5 ,,
	4. പറവൂർ	–	5 ,,
9.	ഇടുക്കി ജില്ല		
	1. പീരുമേട്	–	191 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

2.	തൊടുപുഴ	–	17 ,,
3.	ഉടുമ്പൻചോല	–	100 ,,
4.	ദേവികുളം	–	70 ,,
10.	കോട്ടയം ജില്ല		
	ചങ്ങനാശ്ശേരി	–	94 ഏക്കർ
11.	ആലപ്പുഴ ജില്ല		
	കുട്ടനാട്	–	5 ഏക്കർ
12.	പത്തനംതിട്ട ജില്ല		
	ഏറ്റെടുക്കുവാൻ മിച്ചഭൂമി ഇല്ല.		
12.	കൊല്ലം ജില്ല		
1.	കൊട്ടാരക്കര	–	30 ഏക്കർ
2.	പത്തനാപുരം	–	15 ,,
3.	കൊല്ലം	–	6 ,,
4.	കരുനാഗപ്പള്ളി	–	15 ,,
14.	തിരുവനന്തപുരം ജില്ല		
	ഏറ്റെടുക്കുവാൻ മിച്ചഭൂമി ഇല്ല.		
	ആകെ	–	**1235 ഏക്കർ**

അനുബന്ധം VII

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 62 (3149) കാണുക)

നം. ബി. 4. 12271/97 താലൂക്കാഫീസ്, തിരുവനന്തപുരം, തീയതി 11.9.98.

തഹസിൽദാർ,

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം : ഭൂമി പതിവ് കവടിയാർ വില്ലേജിൽ സർവെ 2240/1 ൽപ്പെട്ട 12.870 സെന്റ് ഭൂമി സൗജന്യമായി പതിച്ചു നൽകുന്നത് സംബന്ധിച്ച്.

സൂചന : ജില്ലാ കളക്ടറുടെ 7/97 ലെ ബി4/23579/97-ാം നമ്പർ പുറത്തെഴുത്ത്.

.....

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. എൻ.ജി.ഒ. യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി റവന്യൂ മന്ത്രി മുൻപാകെ സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതിൽ യൂണിയൻ ആഫീസ് സ്ഥിതിചെയ്യുന്ന കവടിയാർ വില്ലേജിൽ സർവെ 2240/1 ൽപ്പെട്ട 10 സെന്റ് സ്ഥലം 28.12.97-ലെ ജി.ഒ. (എം.എസ്.) നമ്പർ 677/67/റവന്യൂ നമ്പർ ഉത്തരവിൻപ്രകാരം 30 വർഷത്തേയ്ക്ക് കുത്തകപ്പാട്ടം നൽകിയിട്ടുള്ളതും ആയതിന്റെ കാലാവധി തീർന്നിട്ടുള്ളതും ആകുന്നു. 1997-98 വരെയുള്ള കുത്തകപ്പാട്ട തുക അടച്ചിട്ടുള്ളതായി കവടിയാർ വില്ലേജാഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവെ 2240/1 ൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly